**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 564** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>മങ്കട മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മങ്കട മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

**<u>മറുപടി:</u>** മങ്കട നിയോജക മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി, ഏതെല്ലാം എസ്.പി.വികളെയാണ് നിർവ്വഹണ ചുമതല ഏൽപ്പിച്ചിട്ടുള്ളത് എന്ന വിവരം, പൂർത്തീകരിക്കാത്തതും പുരോഗമിച്ച് കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്നും, പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ തടസ്സങ്ങൾ നിലവിലുണ്ടോ എന്നത് സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** നാളിതുവരെ പൂർത്തിയാകാത്തതും എന്നാൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്നും അറിയിക്കുമോ; ഏതെല്ലാം എസ്. പി. വി. (Special Purpose Vehicle)-കളെയാണ് നിർവഹണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്; ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** മങ്കട നിയോജക മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി, ഏതെല്ലാം എസ്.പി.വികളെയാണ് നിർവ്വഹണ ചുമതല ഏൽപ്പിച്ചിട്ടുള്ളത് എന്ന വിവരം, പൂർത്തീകരിക്കാത്തതും പുരോഗമിച്ച് കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്നും, പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ തടസ്സങ്ങൾ നിലവിലുണ്ടോ എന്നത് സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(സി)** മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ നിർമ്മാണ പ്രവൃത്തികളിൽ കാര്യമായ പുരോഗതി കൈവരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെ. എസ്. ഐ. റ്റി. എൽ. മുഖേന നടപ്പിലാക്കുന്ന പ്രസ്തുത കോളേജിന്റെ കെട്ടിട നിർമ്മാണത്തിന്റെ ബിഡിംഗ് നടപടികൾ പൂർത്തിയായിട്ടുണ്ടോ; കെട്ടിട നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

**<u>മറുപടി:</u>** ഉണ്ട്. മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബി മുഖേന നടപ്പാക്കുന്നതിന്റെ ഭാഗമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 06-12-2020-ലെ നടപടിക്രമ ഉത്തരവിൻ പ്രകാരം 5.67 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. ഡി.എസ്.ആർ 2016 നിലവിൽ വന്നതിനെത്തുടർന്ന് ധനാനുമതിത്തുക 6.65 കോടി രൂപയായി ഉയർത്തുന്നതിന് 06-08-2021-ൽ കൂടിയ കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകിയെങ്കിലും കെട്ടിടത്തിന്റെ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് എസ്.പി.വി ആയ കെ.എസ്.ഐ.ടി.ഐ.എൽ സമർപ്പിക്കാതിരുന്നതിനാൽ ധനാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. തുടർന്ന് ഡി.എസ്.ആർ 2018 നിലവിൽ വന്നതിനു ശേഷം ധനാനുമതിത്തുക ഉയർത്തി നൽകുന്നതിന് കെ.എസ്.ഐ.ടി.ഐ.എൽ സമർപ്പിച്ച പുതുക്കിയ ശിപാർശ പരിശോധിച്ച ശേഷം 17-04-2024-ലെ ഉത്തരവിൻ പ്രകാരം 8.66 കോടി രൂപയുടെ പുതുക്കി ധനാനുമതി വ്യവസ്ഥകൾക്കു വിധേയമായി നൽകിയിരുന്നു. തുടർന്ന് വ്യവസ്ഥകൾ പാലിച്ചിട്ടുള്ളതു സംബന്ധിച്ച എസ്.പി.വി-യുടെ റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം 11-09-2024-ലെ ഉത്തരവിൻ പ്രകാരം 8.66 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിന് ടെൻഡർ നടപടികളുമായി മുന്നോട്ടു പോകുന്നതിന് എസ്.പി.വി-യ്ക്ക് നിർദ്ദേശം നൽകിയിരുന്നു. തദനുസരണം 06-03-2025-ൽ പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയ ശേഷം വർക്ക് ടെൻഡർ ചെയ്തിട്ടുള്ളതായി എസ്.പി.വി അറിയിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് യോഗ്യമായ കരാറുകാരനെ കണ്ടെത്തി വർക്ക് അവാർഡ് ചെയ്ത് കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികളുമായി എസ്.പി.വി-യ്ക്ക് മുന്നോട്ടു പോകാവുന്നതാണ്. പ്രസ്തുത പദ്ധതി ഉൾപ്പെടെ കിഫ്ബി അംഗീകാരം നൽകുന്ന എല്ലാ പദ്ധതികളുടേയും പുരോഗതി വിലയിരുത്തുന്നതിന് ബഹു.മന്ത്രിമാർ/എം.എൽ.എ-മാർ എന്നിവരുടെ നേതൃത്വത്തിലും കിഫ്ബിയുടെ വിവിധ ഉദ്യോഗസ്ഥ തലങ്ങളിലും ഇടയ്ക്കിടെ യോഗങ്ങൾ ചേർന്ന് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം എസ്.പി.വി-കൾക്ക് നൽകിവരുന്നുണ്ട്. കൂടാതെ, പദ്ധതികളുടെ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ എസ്.പി.വി നേരിടുന്ന പക്ഷം അവ കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും കിഫ്ബി നൽകിവരുന്നു

**സെക്ഷൻ ഓഫീസർ**

584

| Sl. No | Department | Project Code | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | District | Work Status | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | General Education | GED005-20 | PPE Mission- Upgradation of Makkarapparambu Govt. H.S.S | ₹ 5.00 | KITE | Mankada | Malappuram | Work Completed | |
| 2 | PWD | PWD003-11 | Oradumpalam - Vylongara Bypass Road | ₹ 16.09 | RBDCK | Mankada Perinthalmanna | Malappuram | LA in progress 19 (1) declared on 22-08-2025 | The work can be tebdered after completion of Land Acqusition. |
| 3 | Water Resources | WRD022-02 | Construction of RCB across Thoothapuzha at Kezhmurikkadavu, Moothikkayam in Moorkkanadu Panchayath, Malappuram District | ₹ 67.64 | Kerala Irrigation Infrastructure Development Corporation Ltd (KIIDC) | Mankada | Malappuram | Work in progress | Except for the approach road, the construction of all other major components (the regulator, the bridge, and the protection walls) has been completed. As part of widening the approach road, permission was granted for the acquisition of 68 cents of land as per G.O (Rt) No. 1609/2022/RD dated 07.04.2022, issued by the Revenue Department. Notifications under Sections 4(1) and 6(1) were issued, and updated Survey and Land Records drawings were obtained. The Social Impact Assessment Study was completed, and the notification under Section 11(1) was issued. Land valuation was completed, and the basic valuation and detailed valuation statements were approved by the District Collector. Subsequently, the compensation bill was submitted to KIIFB, which approved the same, and the amount was transferred to the Tahsildar's account. Once the LA procedures are completed the work of approach road shall be completed |
| 4 | Higher Education | HED007-47 | Augmentation of Infrastructural Facilities at Govt Arts and Science College Mankada | ₹ 8.66 | Kerala State IT infrastructure Limited (KSITIL) | Mankada | Malappuram | Work Tendered | Detailed reply has been submitted for answer part C |
| 5 | General Education | GED003-14 | Betterment of Infrastructure facilities in GHS Cheriyam Mankada | ₹ 0.98 | KILA | Mankada | Malappuram | Work Completed | |
| 6 | General Education | GED003-14 | Betterment of Infrastructure facilities in GUPS Mankada Pallipuram | ₹ 1.05 | KILA | Mankada | Malappuram | Work Completed | |
| 7 | General Education | GED003-14 | Betterment of Infrastructure facilities in GUPS Koottilangadi | ₹ 0.97 | KILA | Mankada | Malappuram | Work Completed | |
| 8 | General Education | GED003-27 | Betterment of Infrastructure facilities in Govt. UP School Pang | ₹ 0.92 | KILA | Mankada | Kannur, Kozhikode, Malappuram | Work Completed | |

| Sl. No | Department | Project Code | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | District | Work Status | Remarks |
|---|---|---|---|---|---|---|---|---|---|
| 9 | General Education | GED006-10 | Betterment of Infrastructure facilities in GHSS Pang | ₹ 3.90 | KILA | Mankada | Malappuram | Work Completed | |
| 10 | General Education | GED006-23 | Betterment of Infrastructure facilities in GHSS MANKADA PALLIPPURAM | ₹ 3.90 | KILA | Mankada | Malappuram | Work in progress | Physical Progress 55%. Structural work of HS Block and HSS Block completed. Ground floor, 1st Floor Masonry work in progress . Balance work to be carried out in the school - Masonry work, Plastering, Painitng, Tiles, Plumbing and Electrical work. No Hindrences |
| 11 | General Education | GED006-24 | Betterment of Infrastructure facilities in GHSS MANKADA, MALAPPURAM | ₹ 3.54 | KILA | Mankada | Malappuram | Work in progress | Work delayed due to site soil condition. Soil test conducted and footing change reccomended. TS issued by SPV. Work started. Footing reenforecment work in progress. Pending Works- Structural work, Masonry work, Plastering, Painitng, Tiles, Plumbing and Electrical work. No Hindrance |
| 12 | Health & Family Welfare | HFW006-01 | Construction of 10 bedded isolation wards in CHC Mankada | ₹ 1.79 | KMSCL | Mankada | Malappuram | Work in progress | Initially, the work was awarded to the contractor TDLCCS. However, the progress was very slow. Due to the unsatisfactory progress, the contractor was terminated at risk and cost. Subsequently, the work was taken up through KIIFCON. The work was re-tendered by KIIFCON, and the same is currently in progress and is expected to be completed soon. KIIFB is conducting continuous review meetings to closely monitor and follow up on the progress of the work. |
| 13 | General Education | GED006-28 | Betterment of Infrastructure facilities in GHSS Kadungapuram | ₹ 3.90 | KILA | Mankada | Malappuram | Work in progress | Physical Progress 70%. Structural work Completed. Masonary Complete. Ground floor inside class romm plastering completed. 1st floor plstering ongoing. work in progress . Pending Works- Plastering, painting,tiles, electrical work and Septic tank sump. No Hindrance |